ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16.07.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഞായറാഴ്ച സർവകക്ഷിയോഗം ചേരും. സുഗമമായ സഭാ നടത്തിപ്പിന് രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ തേടും.

**The Union government will hold an all-party meeting on Sunday ahead of the budget session of Parliament. Govt will seek support of political parties for the smooth running of the house.**

2. രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ മൗറീഷ്യസിലെത്തി; മൗറീഷ്യസ് പ്രധാനമന്ത്രിയുമായും മന്ത്രിമാരുമായും കൂടിക്കാഴ്ച നടത്തും.

**External Affairs Minister Dr. S. Jaishankar has reached Mauritius on a two-day official visit; will hold a meeting with the Mauritius Prime Minister and Ministers.**

3. കേരളത്തിൽ കനത്ത മഴ തുടരുന്നു; നാളെ കോഴിക്കോട്, വയനാട്, പാലക്കാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

**Kerala continues to face heavy rains; Tomorrow declaired as holiday for educational institutions in Kozhikode, Wayanad, Palakkad, Idukki and Alappuzha districts**

4. രാജ്യത്തെ കാർഷികോല്പാദനം വർധിപ്പിക്കാൻ ശാസ്ത്രജ്ഞർ, കർഷകരുമായി നേരിട്ട് സംവദിക്കണമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

**Union Minister Shivraj Singh Chouhan said scientists need to come into direct contact with farmers to increase the agricultural production in the country.**

5. സുസ്ഥിര വികസനം സാധ്യമാക്കുന്നതിൽ രാജ്യം നിർണായക സംഭാവന നൽകുന്നതായി നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി.

**NITI Aayog Vice Chairman Suman Berry said that the country is making a crucial contribution in making sustainable development possible.**

**&&&&&&&&&&&&&&&&**

## HEADLINE 1
## ALL PARTY MEET

ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി സർവകക്ഷിയോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ച് കേന്ദ്ര സർക്കാർ. ഇരുസഭകളുടെയും സുഗമമായ നടത്തിപ്പിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ഞായറാഴ്ച ചേരുന്ന യോഗത്തിൽ കേന്ദ്രസർക്കാർ ആവശ്യപ്പെടും. ഈ മാസം 22 മുതൽ അടുത്ത മാസം 12 വരെയാണ് ബജറ്റ് സമ്മേളനം. 23നാണ് കേന്ദ്ര ബജറ്റ്. മൂന്നാം വട്ടവും അധികാരത്തിലേറിയ ശേഷമുള്ള നരേന്ദ്ര മോദി സർക്കാരിൻറെ ആദ്യ ബജറ്റാണിത്.

**&&&&&&&&&&&&&&&&**

## HEADLINE 2
## DAY JAISHANKAR-MAURITIUS

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ മൗറീഷ്യസിൽ എത്തി. ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള സവിശേഷ ബന്ധം മുന്നോട്ട് കൊണ്ടുപോകുന്നതിനും ഫലപ്രദ ഇടപെടലുകൾക്കുമായി കാത്തിരിക്കുകയാണെന്ന് ശ്രീ ജയശങ്കർ സമൂഹ്യമാധ്യമത്തിൽ കുറിച്ചു. മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് ജുഗ്നാഥിനെ സന്ദർശിക്കുന്ന അദ്ദേഹം മുതിർന്ന മൗറീഷ്യസ് മന്ത്രിമാരുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. മറ്റ് പ്രമുഖ മൗറീഷ്യൻ നേതാക്കളുമായും അദ്ദേഹം ആശയവിനിമയം നടത്തും. ഉഭയകക്ഷി ബന്ധത്തിന്റെ വിവിധ വശങ്ങൾ സമഗ്രമായി അവലോകനം ചെയ്യാൻ ഈ സന്ദർശനം അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

**&&&&&&&&&&&&&&&&**

## HEADLINE 5
## INDIA- UN-SDG (INTRO)

സുസ്ഥിര വികസനം സാധ്യമാക്കുന്നതിൽ ഇന്ത്യ നിർണായക സംഭാവന നൽകുന്നതായി നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി. ഐക്യരാഷ്ട്രസഭയുടെ ഉന്നതതല രാഷ്ട്രീയ ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

## INDIA- UN-SDG- VOICE

സുസ്ഥിര, സമഗ്ര വികസന രംഗത്ത് ഇന്ത്യയുടെ സംഭാവന നിസ്തുലമാണെന്നും ഇതുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം ഐക്യരാഷ്ട്രസഭയുടെ ഉന്നതതല രാഷ്ട്രീയ ഫോറത്തിൽ വ്യക്തമാക്കി. അടിസ്ഥാന സൗകര്യ വികസനം, വനിതകൾക്കായുള്ള സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, വികസ്വര മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം എന്നിവയിലൂടെയാണ് ഇന്ത്യ സുസ്ഥിര വികസനം സാധ്യമാക്കുന്നതായും ശ്രീ സുമൻ ബേറി പറഞ്ഞു. പങ്കാളിത്ത ജനാധിപത്യ ചട്ടക്കൂടിനുള്ളിൽ കേന്ദ്ര- സംസ്ഥാന സർക്കാർ തലത്തിലെ ക്രമമായ അധികാര കൈമാറ്റത്തിലൂടെയാണ് ഇത് സാധ്യമായതെന്നും അദ്ദേഹം പറഞ്ഞു. കുറഞ്ഞ കാർബൺ ബഹിർഗമനമാണ് ഉള്ളതെന്നിരിക്കിലും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് പുനരുപയോഗ ഊർജത്തിൽ ഇന്ത്യ വലിയ തോതിൽ നിക്ഷേപം നടത്തിയതായും അദ്ദേഹം പറഞ്ഞു. 2015-16, 2019-21 കാലയളവിനിടയിൽ 135 ദശലക്ഷംഇന്ത്യക്കാർ ബഹുമുഖ ദാരിദ്യത്തിൽ നിന്ന് കരകയറിയതായും 2030 ഓടെ ഇന്ത്യ ലക്ഷ്യം കൈവരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&

## HEADLINE 4

## CHOUHAN - AGRICULTURE PRODUCE

കാർഷികോല്പാദനം വർധിപ്പിക്കാൻ ശാസ്ത്രജ്ഞർ, കർഷകരുമായി നേരിട്ട് സംവദിക്കണമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ

റിസർച്ചിൻ്റെ 96-ാമത് സ്ഥാപക ദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതുൾപ്പെടെ സർക്കാരിൻറെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ശാസ്ത്രജ്ഞർ, സർവകലാശാലകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവ യോജിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ധാന്യ ഉൽപാദനത്തിൽ രാജ്യം സ്വയംപര്യാപ്തത കൈവരിച്ചത് ചൂണ്ടിക്കാട്ടിയ കേന്ദ്ര മന്ത്രി, പയറുവർഗങ്ങളുടെയും എണ്ണക്കുരുക്കളുടെയും ഉൽപാദനത്തിൽ രാജ്യത്തെ സ്വയംപര്യാപ്തമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&

## HM-NCORD AMIT SHAH

ന്യൂഡൽഹിയിൽ മറ്റന്നാൾ നടക്കുന്ന നാർക്കോ - കോർഡിനേഷൻ സെൻററിൻറെ ഏഴാമത് ഉന്നതതലയോഗത്തിന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. മയക്കുമരുന്ന് കടത്തും ദുരുപയോഗവും തടയുന്ന വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ ഏജൻസികളുടെ പ്രവർത്തന ങ്ങളെ ഏകോപിപ്പിക്കുന്നതിനും സമന്വയിപ്പിക്കുന്നതിനും യോഗം ഊന്നൽ നൽകു മെന്ന് ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ദേശീയ ലഹരി പദാർത്ഥ വിരുദ്ധ കേന്ദ്രത്തിൻറെ ഹെൽപ്പ് ലൈൻ- മാനസിന് അദ്ദേഹം തുടക്കമിടും.

&&&&&&&&&&&&&&&&

## DEFENCE

പ്രതിരോധ മേഖലയിൽ ഇറക്കുമതി കുറയ്ക്കുന്നതിനും സ്വയംപര്യാപ്തത വർദ്ധിപ്പിക്കുന്നതിനുമായി 346 ഇനങ്ങളടങ്ങിയ അഞ്ചാമത്തെ സ്വദേശിവൽക്കരണ പട്ടിക സർക്കാർ പുറത്തിറക്കി. തന്ത്രപ്രാധാന്യമുള്ള ലൈൻ റീപ്ലേസ്മെൻ്റ് യൂണിറ്റുകൾ, സ്പെയറുകൾ, അസംസ്കൃത വസ്തുക്കൾ എന്നിവ ഉൾപ്പെടെ ആയിരം കോടി രൂപയിലധികം ഇറക്കുമതി മൂല്യമുള്ള വസ്തുക്കളാണ് പട്ടികയിൽ ഉള്ളത് . ഇന്ത്യയിലെ വ്യവസായ കേന്ദ്രങ്ങളിൽ നിന്ന് മാത്രമേ ഇവ വാങ്ങുകയുള്ളൂവെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 12,300-ലധികം ഇനങ്ങൾ സ്വദേശിവത്കരിച്ചതായും മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്

&&&&&&&&&&&&&&&&

## J-K ENCOUNTER

ജമ്മു കശ്മീരിലെ ദോഡ ജില്ലയിൽ ഇന്നലെ രാത്രി ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനിക ഓഫീസർ ഉൾപ്പെടെ അഞ്ച് സുരക്ഷാ ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടു. ഭീകരരുടെ സാന്നിധ്യത്തെക്കുറിച്ചുള്ള പ്രത്യേക വിവരത്തെത്തുടർന്ന് ഇന്നലെ വൈകുന്നേരം ഡെസ്സ വനമേഖലയിലെ ധാരി ഗോട്ടെയിൽ ജമ്മുകശ്മീർ പോലീസിന്റെ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിന്റെയും രാഷ്ട്രീയ റൈഫിൾസിന്റെയും സംയുക്ത തിരച്ചിലിനിടെ യായിരുന്നു ഏറ്റുമുട്ടൽ. ധീരരായ ഇന്ത്യൻ സൈനികരെ നഷ്ടപ്പെട്ടതിൽ രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് ദുഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&&

## PREZ - SUPREME COURT JUDGE

ജസ്റ്റിസുമാരായ എൻ. കൊടീശ്വർ സിംഗ്, ആർ. മഹാദേവൻ എന്നിവരെ സുപ്രീം കോടതി ജഡ്ജിമാരായി രാഷ്ട്രപതി ദ്രൗപദി മുർമു, നിയമിച്ചു. ജസ്റ്റിസ് എൻ. കോടീശ്വർ സിംഗ് നിലവിൽ ജമ്മു കശ്മീർ - ലഡാഖ് ഹൈക്കോടതി ചീഫ് ജസ്റ്റിസും, ജസ്റ്റിസ് ആർ.മഹാദേവൻ മദ്രാസ് ഹൈക്കോടതി ജഡ്ജിയുമാണ്. ഇരുവരും ചുമതല ഏറ്റെടുക്കുന്ന തീയതി മുതൽ നിയമനം പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര നിയമ-നീതി മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&

## HEADLINE 3
## RAIN KERALA

കേരളത്തിൽ കനത്ത മഴ തുടരുന്നു. അതിതീവ്ര മഴ തുടരുന്ന സാഹചര്യത്തിൽ കോഴിക്കോട്, വയനാട്, പാലക്കാട്, ഇടുക്കി ആലപ്പുഴ ജില്ലകളിൽ പ്രൊഫഷണൽ കോളജ് അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. നാളെ അഞ്ചു ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണമെന്ന് നിർദ്ദേശമുണ്ട്. കേരള തീരത്ത് ഉയർന്ന തിരമാലകൾക്കും സാധ്യത. കേരളത്തിന് പുറമേ ഗോവ, മധ്യ മഹാരാഷ്ട്ര, ഗുജറാത്ത്, കർണാടക എന്നിവിടങ്ങളിൽ അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&

## K RAJAN

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നുണ്ടെങ്കിലും നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും പ്രളയ ഭീതിയില്ലെന്നും മന്ത്രി കെ രാജൻ. സുരക്ഷാ നടപടിക്രമങ്ങൾ ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സ്ഥിതിഗതികൾ വിലിയിരുത്തുന്നതിനായി റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെ യോഗം ചേർന്നു.

&&&&&&&&&&&&&&

# UP FLOOD

ഉത്തർപ്രദേശിലുണ്ടായ വെള്ളപ്പൊക്കം 17 ജില്ലകളികളിലെ 1,500 ഗ്രാമങ്ങളെ ബാധിച്ചു. നഗര മേഖലകളായ ബറൈലി, പീലീഭീത്, ഷാജഹാൻപൂർ എന്നിവിടങ്ങളിലും വെള്ളപ്പൊക്കം നാശം വിതച്ചു. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് സ്ഥിതിഗതികൾ വിലയിരുത്തി. 24 മണിക്കൂറിനുള്ളിൽ ദുരിതബാധിതർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

&&&&&&&&&&&&&&

# EMERGENCY MEETING CM

തിരുവനന്തപുരം ആമയിഴഞ്ചാൻ തോടിലെ മാലിന്യനീക്കം സംബന്ധിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ അടിയന്തര യോഗം വിളിച്ചു. മറ്റെന്നാൾ രാവിലെ ഓൺലൈനായാണ് യോഗം ചേരുക. വിവിധ വകുപ്പ് മന്ത്രിമാരും ബന്ധപ്പെട്ട എംഎൽഎമാരും തിരുവനന്തപുരം മേയറും യോഗത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&

# AMAYIZHANCHAN - RAILWAY

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് തടയാൻ കോർപറേഷൻ കർശന നടപടി സ്വീകരിക്കണമെന്ന് റെയിൽവെ. കോർപ്പറേഷൻ പരിധിയിൽ അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതാണ് ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യങ്ങൾ കുന്നുകൂടാൻ കാരണം. കുറ്റക്കാരെ കണ്ടെത്തുന്നതിനും പിഴ ചുമത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റെയിൽവെ ആവശ്യപ്പെട്ടു. ശുചീകരണത്തിനിടെ തൊഴിലാളി മരിച്ച സംഭവത്തിൽ ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷൻ അഗാധമായ ദുഃഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&

## CM KERALA -100 DAYS

കേരള സർക്കാരിൻറെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് നാലാമത്തെ നൂറു ദിന കർമ്മ പരിപാടികൾക്ക് തുടക്കമായി. 100 ദിവസം കൊണ്ട് 47 വകുപ്പുകളുടെ 13,013 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാനാണ് 100 ദിന കർമ്മ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. 2,59,384 തൊഴിലവസരങ്ങൾ സൃഷ്ടിക്കലും ഈ നൂറുദിന പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. ഉപജീവനത്തിനായുള്ള പദ്ധതികളും പശ്ചാത്തല വികസന പദ്ധതികളും നൂറുദിന പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## NEET EXAM

നീറ്റ്-യുജി ചോദ്യ പേപ്പർ ചോർച്ച കേസിൽ രണ്ട്പേരെ കൂടി സിബിഐ അറസ്റ്റ് ചെയ്തു. നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ ജാർഖണ്ഡിലെ ഹസാരിബാഗ് കേന്ദ്രത്തിൽ നിന്ന് ചോദ്യ പേപ്പർ മോഷ്ടിച്ച ആളെയും മോഷണത്തിന് സഹായം നൽകിയ ആളെയുമാണ് സിബിഐ ഇന്ന് അറസ്റ്റ് ചെയ്തത്. ഹസാരിബാഗിലെ ഒരു സ്കൂളിലെ പ്രിൻസിപ്പാളും വൈസ് പ്രിൻസിപ്പാളും ഉൾപ്പെടെ ഈ കേസിൽ ഉൾപ്പെട്ട മൊത്തം 14 പ്രതികളെ ഇതുവരെ ഏജൻസി അറസ്റ്റ് ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&

## KARNATAKA- DEPUTY CM

കർണാടകയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള മേകേദാതു പദ്ധതിയുമായി സഹകരിക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ട് കർണാടക ഉപമുഖ്യമന്ത്രി ഡി കെ ശിവകുമാർ. തമിഴ്നാടിനും പദ്ധതിയിലൂടെ ഗുണം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. കാവേരി ജല നിയന്ത്രണ കമ്മിറ്റി ഉത്തരവനുസരിച്ച് സംസ്ഥാനം 20,000 ക്യുസെക്സ് ജലം തമിഴ്നാടിന് വിട്ടുനൽകുന്നുണ്ടെന്നും ശ്രീ ശിവകുമാർ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## SABARIMALA MAKARAVILAKK

ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ദേവസ്വം മന്ത്രി വി.എൻ.വാസവൻ. ശബരിമല സന്ദർശനത്തിനായി പമ്പയിൽ എത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു

അദ്ദേഹം. മകരവിളക്കുമായി ബന്ധപ്പെട്ട് ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായുള്ള യോഗവും ഇന്ന് ചേർന്നു.

**&&&&&&&&&&&&&&**

**&&&&&&&&**

**&&&**